പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6400

08.11.2016-ൽ മറുപടിയ്ക്ക്.

## സിഗ്നൽ തകരാറുകൾ മൂലം ഗതാഗതക്കുരുക്ക്.

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി ടൗണിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ കത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ലൈറ്റുകളുടെ അറ്റകുറ്റപണികൾ ഏത് ഏജൻസിയാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ; | (എ) സിഗ്നൽ ലൈറ്റുകൾ സ്ഥിരമായി കത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പട്ടിട്ടില്ല. തിരുവനന്തപുരത്തുള്ള എ.ഡി.ഡി ന്യൂസ് ഇന്ത്യ എന്ന സ്വകാര്യ സ്ഥാപനം മുഖേനയാണ് കരുനാഗപ്പള്ളി ടൗണിലെ സിഗ്നൽ ലൈറ്റുകളുടെ അറ്റകുറ്റ പണികൾ നടത്തി വരുന്നത്. |
| (ബി) പെട്ടെന്നുണ്ടാകുന്ന സിഗ്നൽ തകരാറുകൾ മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് കൂടുതൽ ട്രാഫിക് പോലീസിനെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സാങ്കേതിക തകരാറോ വൈദ്യുതി മുടക്കമോ ഉള്ള സമയത്ത് സിഗ്നൽ ലൈറ്റുകൾ കത്താതിരുന്നാൽ ടി സ്ഥലത്ത് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ച് വരുന്നുണ്ട്. |
| (സി) സിഗ്നൽ പോയിന്റിന് 50 മീറ്റർ ചുറ്റളവിൽ 2016 -ൽ ഇതുവരെ എത്ര അപകടങ്ങൾ നടന്നുവെന്നും എത്രപേർ മരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) 2016-ൽ കരുനാഗപ്പള്ളി ടൗണിൽ സിഗ്നൽ ലൈറ്റിന് 50 മീറ്റർ ചുറ്റളവിൽ അപകട മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ കാലയളവിൽ 3 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ